**കോ ന്വീശ തേ പാദസരോജഭാജാം
സുദുർല്ലഭോഽർത്ഥേഷു ചതുർഷ്വപീഹ
തഥാപി നാഹം പ്രവൃണോമി ഭൂമൻ
ഭവത്പദാംഭോജനിഷേവണോത്സുക: (3-4-15)**

ഉദ്ധവർ തുടർന്നു:
യാദവർ എല്ലാവരും കുടിച്ചുമത്തരായി തമ്മിൽ കലഹിച്ച് മരണമടഞ്ഞു. അപ്പോൾ ശ്രീകൃഷ്ണ ഭഗവാൻ അവതാരമവസാനിപ്പിക്കാൻ തീരുമാനിച്ചു. ഭൂമിയിലെ അവതാരോദ്ദേശ്യം നിറവേറിക്ക ഴിഞ്ഞിരുന്നു. എന്നോട് ബദരീകാശ്രമത്തിലേക്ക് പോകാൻ ഭഗവാനാവശ്യപ്പെട്ടു. എന്നിട്ടദ്ദേഹം ഒരു വൃക്ഷത്തിന് കീഴെ ഇരിപ്പുറപ്പിച്ചു. ആ സമയത്ത് ഈശ്വരസാക്ഷാത്ക്കാരം നേടിയ മൈത്രേയമുനി അവിടെയെത്തി.

പ്രിയപ്പെട്ടതും പ്രോത്സാഹജനകവുമായ വാക്കുകൾ കൊണ്ട് ഭഗവാനെനിക്കു ധൈര്യം തന്നു. ദിവ്യമായ ഭാഗവതപുരാണം പറഞ്ഞുതന്ന് ഇതു തൻെറ അവസാനജന്മമാണെന്നു ഭഗവാനരുളി. കൈകൂപ്പി ഒരുന്മത്താവസ്ഥയിൽ ഞാൻ പ്രാർത്ഥിച്ചു. "ധർമ്മാർത്ഥകാമമോക്ഷങ്ങളിൽ ഏതും അങ്ങയിൽ ഭക്തരായിട്ടുളളവർക്ക് നിഷ്പ്രയാസമല്ലൊ. അല്ലയോ സീമാതീതനും കാലാതീതനുമായ ഭഗവനേ അവിടുത്തെ കാലിണകളല്ലാതെ മറ്റൊന്നും ഞാൻ കൊതിക്കുന്നില്ല. അങ്ങയുടെ ജീവിതവും കർമ്മങ്ങളും ഏറെ അത്ഭുതം നിറഞ്ഞതും മനുഷ്യനാൽ മനസ്സിലാക്കാൻ കഴിയാത്തതുമത്രെ. അങ്ങ് സർവ്വജ്ഞനും പരമവിജ്ഞാനത്തിൽ വിലീനനുമാണല്ലൊ. എന്നിട്ടും അങ്ങു ചിലപ്പോൾ ഒരജ്ഞാനിയെപ്പോലെ എന്നേപ്പോലുളളവരുടെ ഉപദേശമാരായുന്നു. ഇതിന്നുമെനിക്കു മനസ്സിലാകാത്ത കാര്യമാണ്. അങ്ങേക്കുമാത്രമേ അവിടുത്തെ മഹിമ ഞങ്ങൾക്കായി വിവരിച്ചു തരാനാവൂ." പിന്നീട് ഭഗവാൻ സ്വയം ആ പ്രഭാവത്തെ എനിക്കു കാണിച്ചുതന്നു. നരനാരായണന്മാർ തപസ്സുചെയ്യുന്ന ബദരീകാശ്രമത്തിലേക്ക് ഭഗവാനെ നമസ്കരിച്ചു ഞാൻ പുറപ്പെട്ടിരിക്കുകയാണ്." സർവ്വനാശത്തിൻെറ കഥയറിഞ്ഞ വിദുരൻ വിഷാദചിത്തനായി. പിന്നീടദ്ദേഹം ഉദ്ധവരോടു പറഞ്ഞു. "ഭഗവത്സന്നിധിയിൽ നിന്നും അങ്ങു കേട്ടറിഞ്ഞ ആ കഥാമൃതത്തെ എനിക്കും പറഞ്ഞു തന്നനുഗ്രഹിച്ചാലും."

ഉദ്ധവർ പറഞ്ഞു: "വിദുരരേ, ഭഗവാൻ മൈത്രേയമുനിക്ക് ഭാഗവതം പറഞ്ഞു കൊടുക്കുമ്പോൾ ഞാൻ അടുത്തുതന്നെ ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൽനിന്നു തന്നെ ഭാഗവതം കേട്ടുകൊളളുക." ശുകൻ പറഞ്ഞു: ഉദ്ധവർ യമുനാനദീതീരത്ത് ഒരുരാത്രിമുഴുവൻ ചിലവഴിച്ച് പിറ്റേന്നുരാവിലെ സ്ഥലം വിട്ടു. പരീക്ഷിത്തു ചോദിച്ചു: "ശ്രീകൃഷ്ണൻെറ കുടുംബവും കുലവും മറ്റെല്ലാവരും മനുഷ്യത്വം പോലും സർവ്വനാശത്തിനടിമയായിട്ടും ഭഗവാൻസ്വയം ഭൂമിയിൽനിന്നും തിരോധാനം ചെയ്തിട്ടും ഉദ്ധവർമാത്രം എങ്ങിനെയാണ് രക്ഷപ്പെട്ടു നിലകൊണ്ടത്?" ശുകൻ പറഞ്ഞു: "ഇതും കൃഷ്ണഭഗവാൻെറ ഇച്ഛയത്രെ."

ഭഗവാൻ ആലോചിച്ചു:
"എൻെറ ഈ അവതാരം അവസാനിച്ചു കഴിഞ്ഞാൽ ഭക്തോത്തമനും സ്വയം സാക്ഷാത്ക്കാരം നേടിയ വനുമായ ഉദ്ധവർ എന്നേക്കുറിച്ചുളള സത്യം കാത്തുരക്ഷിച്ചുകൊളളും. ഉദ്ധവർ എൻെറതന്നെ സ്വരൂപമത്രെ. സ്വയംപരിപൂർണ്ണനും ഇന്ദ്രിയാതീതനുമായ ഉദ്ധവർതന്നെയാണീ ജ്ഞാനത്തെ ഭൂമിയിലെ മനുഷ്യരാശിക്കായി പറഞ്ഞു മനസ്സിലാക്കാൻ യോഗ്യനായിട്ടുള്ളത്." ഉദ്ധവർ ബദരീകാശ്രമത്തിലേക്ക് പുറപ്പെട്ടുകഴിഞ്ഞപ്പോൾ വിദുരർ ദു:ഖഭാരത്തോടെ ഗംഗാതീരത്തേക്കു പുറപ്പെട്ടു. അവിടെച്ചെന്ന് മൈത്രേയമുനിയെ കണ്ടു.